# കേരള സർക്കാർ

സംഗ്രഹം

സ്ട്രോംഗ് റൂം മാനേജ്മെന്റ് DT 53(A) ഫോറത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിച്ച മാതൃക അംഗീകരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നമ്പർ. 3554/18/ധന. തീയതി, തിരുവനന്തപുരം, 23.04.2018.

പരാമർശം :- ട്രഷറി ഡയറക്ടറുടെ 15.03.2018 - ലെ എസ്/1369/2018 - ാം നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ ട്രഷറികളിലെ സ്ട്രോംഗ് റൂമുകളിൽ സേഫ് കസ്റ്റഡിയായി വയ്ക്കുന്ന ആർട്ടിക്കിളുകൾക്ക് രസീതായി നൽകുന്ന DT 53(A) ഫോറം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച DT 53(A) ഫോറം തയ്യാറാക്കി പ്രസ്തുത ഫോറം ട്രഷറികളിൽ ഉപയോഗിക്കാനുള്ള ഭരണാനുമതിയ്ക്കായി പരാമർശത്തിലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്ന മാറ്റങ്ങൾക്കു വിധേയമായി പരാമർശത്തിലെ കത്തിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ള **"DT 53 A"** - യുടെ മാതൃക അംഗീകരിക്കുന്നതോടൊപ്പം ആയത് അച്ചടിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ട്രഷറി ചെക്ക് ബുക്കിന്റെ മാതൃകയിൽ DT 53(A) ഫോറത്തിനും സീരിയൽ നമ്പർ ഉൾപ്പെടുത്താവുന്നതാണ്.

(2) ട്രഷറി ചെക്ക് ബുക്ക് അച്ചടിക്കുന്ന ഗുണമേന്മയുള്ളതും സുരക്ഷാ മാനദണ്ഡമുള്ള വാട്ടർ മാർക്ക് പേപ്പറിൽ DT 53(A) ഫോറവും പ്രിന്റ് ചെയ്യാവുന്നതാണ്.

(3) രസീതിന്റെ രണ്ട് പകർപ്പുകളിൽ ഡ്യൂപ്ലിക്കേറ്റ് കോപ്പി കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ തസ്തിക, വിലാസം എന്നിവ കൂടി ഉൾപ്പെടുത്താവുന്നതാണ്.

(4) ട്രഷറി സോഫ്റ്റ് വെയറിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി DT 53(A) - യുടെ സ്റ്റോക്ക്, രസീതിലെ വിവരങ്ങൾ എന്നിവ കൂടി കമ്പ്യൂട്ടറിൽ ഉൾപ്പെടുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സുരേഷ് കുമാർ. ഒ. ബി,**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തിരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ